പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1819 **26-10-2026-ൽ മറുപടിയ്ക്ക്**

വിമാനത്താവളങ്ങളിലെ പാർക്കിംഗ് ഫീസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. അബിൻ വർക്കി കോടിയാട്ട്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ ഓരോ വിമാനത്താവളത്തിലും നിലവിൽ ഈടാക്കുന്ന പാർക്കിംഗ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ?

മറുപടി: കേരളത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിലവിൽ പ്രാബല്യത്തിലുള്ള പാർക്കിംഗ് നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ ഓരോ വിമാനത്താവളത്തിലും പാർക്കിംഗ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനസർക്കാരിന് ഓഹരി പങ്കാളിത്തമുള്ള കണ്ണൂർ വിമാനത്താവളത്തിലെ പാർക്കിംഗ് നിരക്കുകൾ ലഭ്യമായ സൗകര്യങ്ങൾ, ഈ മേഖലയിലെ മാനദണ്ഡങ്ങൾ, കരാറുമായി ബന്ധപ്പെട്ട ബാധ്യതകൾ തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ നിരക്കുകൾ നടപ്പിലാക്കുന്നത്, ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെയോ അല്ലെങ്കിൽ ബോർഡിന് കീഴിലുള്ള Technical Committee യുടെയോ അംഗീകാരത്തോടെയാണ്.

സംസ്ഥാനസർക്കാരിന് ഓഹരി പങ്കാളിത്തമുള്ള കൊച്ചി വിമാനത്താവളത്തിലെ പാർക്കിംഗ് നിരക്കുകൾ യാത്രാ സൗകര്യം മെച്ചപ്പെടുത്തുക, പരിമിതമായ പാർക്കിംഗ് സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുക, പ്രവർത്തന ച്ചെലവ് കണ്ടെത്തുക, വിവിധ വിഭാഗത്തിലുള്ള വാഹനങ്ങളോട് നീതിപൂർവ്വമായ സമീപനം സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി നിർണയിച്ചിട്ടുള്ളതാണ്.

കോഴിക്കോട് , തിരുവനന്തപുരം എയർപോർട്ടുകളിലെ പാർക്കിംഗ് ഫീസ് നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരം ഇല്ല.

(സി) വിമാനത്താവളങ്ങളിൽ യാത്രക്കാരെ ഇറക്കി വിടുവാനും സ്വീകരിക്കുവാനും എത്തുന്ന വാഹനങ്ങൾക്ക് കുറഞ്ഞത് 15 മിനിട്ട് സമയത്തേക്ക് സൗജന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: യാത്രക്കാരുടെ സൗകര്യം, ടെർമിനൽ കെട്ടിടത്തിൽ യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും എടുക്കുന്ന സമയം, ടോൾ ബൂത്തുകളിൽ നിന്നും ടെർമിനൽ കെട്ടിടത്തിലേക്കുള്ള ദൂരം, കാർ പാർക്കിംഗ് ഏരിയയിലെ സൗകര്യങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ച്, കണ്ണൂർ

വിമാനത്താവളത്തിൽ ഒരു കാറിന് കുറഞ്ഞത് 60 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട് ഈ നിരക്കിൽ ഒരു കാർ 2 മണിക്കൂർ വരെ പാർക്ക് ചെയ്യാവുന്നതാണ്.

കൊച്ചി വിമാനത്താവളത്തിൽ നിലവിൽ എല്ലാ ഇരുചക്ര വാഹനങ്ങൾക്കും, മൂന്ന് ചക്ര വാഹനങ്ങൾക്കും, സ്വകാര്യ നാലുചക്ര വാഹനങ്ങൾക്കും ആദ്യ 10 മിനിറ്റ് പാർക്കിംഗ് സൗജന്യമായി നൽകുന്നുണ്ട്.

സംസ്ഥാനസർക്കാരിന് ഓഹരി പങ്കാളിത്തമുള്ള കൊച്ചി,കണ്ണൂർ വിമാനത്താവളങ്ങളിൽ മിതമായ പാർക്കിംഗ് ഫീസാണ് ഈടാക്കുന്നത്.

(ഡി) അമിതമായ പാർക്കിംഗ് ഫീസ് യാത്രക്കാർക്ക് ഉണ്ടാക്കുന്ന സാമ്പത്തികഭാരം കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ഫീസ് വർധനവിനെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> കണ്ണൂർ വിമാനത്താവളത്തിലെ പാർക്കിംഗ് നിരക്കുകൾ നിശ്ചിത ഇടവേളകളിൽ പരിഷ്കരിക്കാറുണ്ട്, 2026 സെപ്റ്റംബർ 10 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ, കണ്ണൂർ വിമാനത്താവളം പാർക്കിംഗ് നിരക്കുകളിൽ 10 രൂപയുടെ നേരിയ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിനു മുൻപുള്ള മൂന്ന് വർഷങ്ങളിൽ പാർക്കിംഗ് നിരക്കുകളിൽ യാതൊരു വർദ്ധനവും വരുത്തിയിരുന്നില്ല.

2023-ന് ശേഷം CIAL പാർക്കിംഗ് നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

കോഴിക്കോട് , തിരുവനന്തപുരം എയർപോർട്ടുകളിലെ പാർക്കിംഗ് ഫീസ് നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരം ഇല്ല.

സെക്ഷൻ ഓഫീസർ

സംസ്ഥാനത്തെ വിവിധ എയർപോർട്ടുകളിലെ പാർക്കിംഗ് നിരക്കുകൾ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

THIRUVANANTHAPURAM INTERNATIONAL AIRPORT								
PARKING TARIFF TERMINAL W.E.F 01.10.2026								
S.N	**TYPE OF VEHCLES**	**UPTO 08 Mins**	**UPTO 30 Mins**	**UPTO 1 hrs**	**UPTO 2 hrs**	**UPTO 3 hrs**	**UPTO 4 hrs**	**UPTO 24 Hours**
1	TWO WHEELERS	50	50	100	150	200	250	300
2	AUTO-THREE WHEELERS	50	80	100	150	200	250	500
3	PRIVATE FOUR WHEELERS	0	150	200	300	400	500	1000
4	COMMERCIAL FOUR WHEELERS (Departure/ Drop-Off)	50	200	300	400	500	600	1200
	COMMERCIAL FOUR WHEELERS (Arrival Pick-Up)	180	200	300	400	500	600	1200
5	TEMPO/MINIBUS/CARAVAN	600		800	1000	1200	1400	3000
6	BUS/COACH/TRUCK	600		800	1000	1200	1400	3000
ALL Charges are inclusive of GST, wherever applicable								
Loss of ticket fee – 24-hour charge as per vehicle category.								
Any vehicle parked in any non-designated parking area shall be liable to be clamped/towed and subject to the below fees:								
For Two Wheelers								300/-
For Three Wheelers								500/-
For Four Wheelers								1000/-

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം

TYPE of Vehicle				
	UPTO 10 MINS (Rs)	UPTO 2 HOURS (Rs)	ADDITIONAL HOUR (Rs)	LONG TERM PER 24 HRS (Rs)
PRIVATE 4-WHEELER VEHICLES	FREE	100	30	350
COMMERCIAL 4-WHEELER VEHICLES	60	100	30	350
COACHES	N/A	350	60	1000
TEMPO TRAVELLER/ MINI BUS	N/A	250	60	750
HEAVY / SMALL CARGO VEHICLES	N/A	100	30	350
EDUCATIONAL/ SMALL CVS	N/A	150	30	600
2 WHEELERS	FREE	20	10	150
All Employee / Contract Staff vehicle (2/4-wheeler)	FREE	FREE	FREE	NA

MONTHLY TRUCK PARKING per Vehicle				
OPEN AREA – IN CARGO TERMINAL	AGENCY BIG TRUCKS	SMALL CARGO VEHICLES	COURIER /CARGO AGENCIES WITH OFFICES IN CIAL	Govt/Semi Govt/ PSU Commercial Vehicles
	Rs. 3000/ month	Rs. 1500/ month	Rs. 8000/ month – with more than 3 to 5 vehicles	Rs. 2000/ month

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

A. Private & Govt. Vehicles

Sl No.	Tariff Description	Two Wheeler	3 Wheeler (Auto/Auto Taxi) Drop off only	Car/Jeep/ SUV/ MPV	Tempo/ Mini Bus	Coach/ Bus/ Truck	Govt. Vehicles
1	Up to 2 Hours	10	20	60	100	120	Nil
2	Rate/Hour or Part thereof, for the next 10 Hours after the first 2 Hours upto 12 Hours(i.e.,up to 12 Hours)	10	10	20	20	20	Nil
3	Rate/Hour after 12 Hours	5	10	10	10	10	Nil

B. Commercial Vehicles

Sl No.	Tariff Description	3 Wheeler (Auto/Auto Taxi) Drop off only	Car/Jeep/ SUV/MPV	Tempo/ Mini Bus	Coach/Bus / Truck
1	Up to 2 Hours	20	120	500	700
2	Rate/Hour or Part thereof, for the next 10 Hours after the first 2 Hours upto 12 Hours (i.e.,up to 12 Hours)	10	20	20	20
3	Rate/Hour after 12 Hours	10	10	10	10

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

At Calicut International Airport, there is no entry fee for vehicles except for commercial vehicles (other than of authorized licensees) entering airport for pick up purpose only.

The prescribed entry fee for Commercial vehicles (other than of authorized licensee) entering airport for pick up purpose is ₹100/-.